(എ) സംസ്ഥാനത്ത് പേ വിഷബാധയേറ്റ് എത്രപേർ കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മരണമടഞ്ഞിട്ടുണ്ട്;

(ബി) പേ വിഷബാധ പരത്തുന്ന തെരുവ് നായ്ക്കളുടെ നിർമ്മാർജ്ജനത്തിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) നായ്ക്കളെ വന്ധ്യംകരണം ചെയ്ത് എണ്ണം കുറയ്ക്കുന്നതിനും വാക്സിനേഷൻ കർശനമാക്കുന്നതിനുമുള്ള പരിപാടിയിലൂടെ രോഗബാധ കേരളത്തിൽ നിയന്ത്രിക്കുന്നതിന് എ.ബി.സി. പദ്ധതി നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തുനടപടി സ്വീകരിച്ചു?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) 2002-ൽ മെഡിക്കൽ കോളേജാശുപത്രികളിൽ 15 പേരും മറ്റ് ആശുപത്രികളിൽ 12 പേരും ഉൾപ്പെടെ 27 പേരും 2003-ൽ മെഡിക്കൽ കോളേജ് ആശുപത്രികളിൽ 18 പേരും മറ്റ് ആശുപത്രികളിൽ 30 പേരും ഉൾപ്പെടെ മൊത്തം 48 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്തും പേപ്പട്ടി വിഷബാധയ്ക്കെതിരെയുള്ള വാക്സിനേഷൻ കർശനമായി നടത്തുന്നതിനുമായി ആവിഷ്ക്കരിച്ചിട്ടുള്ള കേന്ദ്രഗവൺമെന്റിന്റെ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എബിസി) നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശാനുസരണം താൽക്കാലികമായി നിർത്തിവച്ചിരുന്ന തെരുവ് നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്ന പരിപാടി ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനരാരംഭിച്ച് പേപ്പട്ടികളെ നശിപ്പിക്കാനുള്ള നടപടി നടന്നുവരുന്നു.

(സി) ബാധകമല്ല.

(ഡി) ഉണ്ട്.

(ഇ) എ.ബി.സി./എ.ആർ. (അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബി) വാക്സിനേഷൻ പദ്ധതിപ്രകാരം നായ്ക്കളെ പിടിക്കുക, ശസ്ത്രക്രിയയ്ക്ക് എത്തിക്കുക, ശസ്ത്രക്രിയ കഴിഞ്ഞുള്ള ഒരാഴ്ച പരിചരണം നൽകുക, തിരിച്ചറിയൽ അടയാളമിട്ട് പിടിച്ച സ്ഥലത്ത് തിരിച്ചുവിടുക എന്നീകാര്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളും, ശസ്ത്രക്രിയ ചെയ്യുക, ചികിത്സ, പ്രതിരോധ കുത്തിവയ്പ് നടത്തുക എന്നിവ മൃഗസംരക്ഷണ വകുപ്പും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കുത്തിവയ്പ് സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും അനുബന്ധത്തിൽ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.†

ജയിലുകളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്ന വ്യവസ്ഥകൾ

*6 [155] ശ്രീ. മത്തായി ചാക്കോ:
,, കെ. രാധാകൃഷ്ണൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്ന വ്യവസ്ഥകൾ ഉദാരമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി സർക്കാർ രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരോൾ അനുവദിക്കുന്ന ചട്ടങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) പരോൾ വ്യവസ്ഥകൾ ഉദാരമാക്കുമ്പോൾതന്നെ അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) കാലാവധി കഴിഞ്ഞ തടവുകാരെ വിട്ടയയ്ക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ജി) പരോൾ കാലാവധി കഴിഞ്ഞ എത്ര തടവുകാർ ഇപ്പോൾ സംസ്ഥാനത്തെ വിവിധ ജയിലുകളിലുണ്ടെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിച്ച് ബന്ധപ്പെട്ട ജയിൽചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിജ്ഞാപനം ആയിട്ടില്ല.

(ഇ) പരോൾ വ്യവസ്ഥകൾ ഉദാരമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാരാരും നിലവിൽ ജയിലുകളിൽ ഇല്ല.

(ജി) പരോൾ കാലാവധി കഴിഞ്ഞ തടവുകാർ ഇപ്പോൾ സംസ്ഥാനത്തെ ജയിലുകളിൽ ഇല്ല.

സംഘടനകളിലെ ഫ്രാക്ഷൻ രൂപീകരണ നടപടികൾ

*7 [156] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, ഇ.എം. അഗസ്തി:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡി. സുഗതൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly